
# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025 – 2026



## ഗവ. എൽ.പി. സ്കൂൾ

## വേങ്കുഴി

# ഗവ. എൽ.പി. സ്കൂൾ

# വേങ്കുഴി

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025 – 2026

**ഗവ. എൽ.പി.എസ്. വേങ്കുഴി**

**വെളിയംകോട് പി.ഒ.**

e-mail : 44409glpsv@gmail.com

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ആമുഖം

# നമ്മുടെ വിദ്യാലയം

മാമ്പഴക്കര - ഇളവനിക്കര എന്നീ പ്രദേശത്തിലെ കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസം തുടക്കം കുറിക്കുന്ന ഒരു വിദ്യാലയമാണ് ഞങ്ങളുടേത്. 1915 - ൽ മിഷനറി ആരാധനാലയത്തോടു ചേർന്ന് സ്ഥാപിച്ചതാണ് ഈ വിദ്യാലയം. തുടക്കത്തിൽ 400 - ൽ അധികം വിദ്യാർത്ഥികൾ പഠിച്ചിരുന്ന ഒരു വിദ്യാലയമാണിത്. 50 സെന്റ് സ്ഥലത്ത് ഹരിതാഭമായ ഒരു വിദ്യാലയമാണിത്. 1990 മുതൽ പ്രീ പ്രൈമറി വിഭാഗം സ്കൂളിൽ പ്രവർത്തിക്കുന്നു. താലോലം, വർണകൂടാരം എന്നീ പദ്ധതികൾ നമ്മുടെ സ്കൂളിലെ പ്രീ പ്രൈമറിയിൽ നടപ്പിലാക്കിയിട്ടുണ്ട്. ഭൗതിക തലത്തിലും അക്കാദമിക തലത്തിലും നെയ്യാറ്റിൻകര ജില്ലയിൽ മികവു പുലർത്തുന്ന ഒരു വിദ്യാലയമാണ് നമ്മുടേത്. കുട്ടികൾക്കായി പാർക്കും ജൈവ വൈവിധ്യ ഉദ്യാനവും നമ്മുടെ സ്കൂളിലുണ്ട്. അധ്യാപകരും വിദ്യാർത്ഥികളും പി.ടി.എ. യും പൊതു സമൂഹവും ചേർന്ന് കൂട്ടായ പ്രവർത്തനത്തിലൂടെ നേട്ടങ്ങൾ കൈവരിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം.



3

## വിദ്യാലയം സംബന്ധിക്കുന്ന അടിസ്ഥാന വിവരങ്ങൾ

| വർഷം | ക്ലാസ് | കുട്ടികളുടെ എണ്ണം |
|---|---|---|
| 2024 – 25 | 1 | 18 |
| | 2 | 12 |
| | 3 | 11 |
| | 4 | 9 |
| | പ്രീപ്രൈമറി | 48 |

| | | |
|---|---|---|
| 2025 – 26 | 1 | 9 |
| | 2 | 16 |
| | 3 | 13 |
| | 4 | 11 |
| | പ്രീപ്രൈമറി | 48 |

## ഭൗതീക സൗകര്യങ്ങൾ

| | | |
|---|---|---|
| ക്ലാസ് മുറികൾ | – | 7 |
| പ്രീ പ്രൈമറി | – | 1 |
| സ്മാർട്ട് റൂം | – | 2 |
| സ്റ്റോർ | – | 1 |
| അടുക്കള | – | 1 |
| ഓഫീസ് റൂം | – | 1 |
| മൂത്രപുര | – | 2 |
| ടോയ്ലറ്റ് | – | 3 |

## വിദ്യാലയ ദർശനം (Our Vision)

*__വിദ്യാലയം__*

"വീടിനെക്കാൾ സന്തോഷകരമായ ഇടം"

"കുട്ടികൾ വരാൻ ഇഷ്ടപ്പെടുന്ന ഇടം"

"ജനാധിപത്യബോധം വളരുന്ന ഇടം"

"ക്യാമ്പസ് ഒരു പാഠപുസ്തകമാകുന്ന ഇടം"

"പ്രദേശത്തെ എല്ലാ കുട്ടികൾക്കും പഠിക്കാൻ അന്താരാഷ്ട്ര നിലവാരത്തിലുള്ള പഠന സൗകര്യങ്ങൾ ലഭ്യമാകുന്ന ഇടം"

"വികസനത്തിന് ഗ്രാമവും വിദ്യാലയവും കൈകോർക്കുന്ന ഇടം"

"അധ്യാപകരും വിദ്യാർത്ഥികളും തങ്ങളുടെ പ്രവർത്തനങ്ങൾ താൽപ്പര്യപൂർവ്വം നിർവ്വഹിക്കുന്ന ഇടം"

*__ക്ലാസ്സ് മുറികൾ__*

"വിജ്ഞാനം നിർമ്മിക്കപ്പെടുന്ന ഇടം"

"ജനാധപത്യബോധം വളരുന്ന ഇടം"

"ജ്ഞാന നിർമ്മിതിയിലൂന്നിയ കൂട്ടായ പ്രവർത്തനങ്ങൾ നിർവ്വഹിക്കപ്പെടുന്ന ഇടം"

"പ്രവർത്തനാധിഷ്ഠിത പഠനം നടക്കുന്ന ഇടം"

"ശിശുകേന്ദ്രീകൃത പഠനം നടക്കുന്ന ഇടം"

"ആധുനിക സാങ്കേതികവിദ്യ വിജ്ഞാന നിർമ്മിതിക്കായി പ്രയോജനപ്പെടുത്തുന്ന ഇടം"

"മൂല്യങ്ങൾ, പെരുമാറ്റ രീതികൾ എന്നിവ രൂപപ്പെടുന്ന ഇടം"

"കുട്ടികൾ വെല്ലുവിളി നിറഞ്ഞ പഠന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന ഇടം"

"ടാലന്റ് ലാബായി മാറ്റപ്പെടുന്ന ഇടം"

"നിർഭയവും സ്വതന്ത്രവുമായി കുട്ടികളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്ന ഇടം"

"Brianstorming നടത്തപ്പെടുന്ന ഇടം"

"പഠന പ്രവർത്തനങ്ങൾകൂട്ടായി നിർവ്വഹിക്കപ്പെടുന്ന ഇടം"

*__കുട്ടികൾ__*

"പ്രവർത്തിച്ചു പഠിക്കുന്നവർ"

"ഓരോ വിഷയത്തിലും ഉന്നതനിലവാരത്തിലുള്ള അറിവും അനുഭവവും ആർജ്ജിക്കേണ്ടവർ"

"വെല്ലുവിളികൾ ഏറ്റെടുക്കുന്നവർ"

"ജനാധിപത്യബോധത്തിന്റെ ഉടമകൾ"

"മാതൃകയാക്കാവുന്ന പെരുമാറ്റ ശീലങ്ങൾ ആർജിക്കേണ്ടവർ"

"അധ്യാപകരുടെ പഠന പിന്തുണ ഉപയോഗപ്പെടുത്തി വിജ്ഞാനം കൂട്ടായി ആർജിക്കുന്നവർ"

"ചലനാത്മക പ്രവർത്തനങ്ങളിലേർപ്പെടുന്നവർ"

"പഠനം ആസ്വാദ്യകരമാക്കുന്നവർ"

"ഉയർന്ന ഭാഷാശേഷി ആർജിക്കേണ്ടവർ (മലയാളം, ഇംഗ്ലീഷ്, ഹിന്ദി)"

"ശാസ്ത്രബോധത്തിന്റെ ഉടമകളാകേണ്ടവർ"

"സാമൂഹിക മൂല്യങ്ങളും ശീലങ്ങളും ചരിത്രബോധവും ആർജിക്കേണ്ടവർ"

"നിത്യ ജീവിത പ്രശ്നങ്ങൾ നേടിയ വിജ്ഞാനമുപയോഗിച്ച് പരിഹരിക്കേണ്ടവർ"

"തുടർ പഠനത്തിനുള്ള വിജ്ഞാനവും ഉയർന്ന വിഷയധാരണയും സ്വായത്തമാക്കേണ്ടവർ"

***<u>അധ്യാപകർ</u>***

"ഗവേഷണാത്മകമായി പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നവർ"

"ക്ലാസ്മുറിയെ വിജ്ഞാന നിർമിതിക്കുള്ള ഇടമാക്കി മാറ്റുന്നവർ"

"പഠനത്തിൽ പ്രാദേശിക സാധ്യത ഉപയോഗപ്പെടുത്തുന്നവർ"

"കുട്ടിയുടെ പ്രകൃതം പരിഗണിച്ച് പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നവർ"

"പ്രശ്നങ്ങൾ ഗവേഷണാത്മകമായി പഠിച്ച് പരിഹാരം കണ്ടെത്തുന്നവർ"

"സമയബന്ധിതമായും സർഗാത്മകമായും ക്ലാസ്റൂം പ്രവർത്തനങ്ങൾ നടപ്പിലാക്കു ന്നവർ"

# ലക്ഷ്യങ്ങൾ

1. വിവിധ ക്ലാസ്സുകളിലെ നിലവാരത്തിനനുസരിച്ച് ഏറ്റവും ഉയർന്ന നിലവാരത്തിൽ മാതൃഭാഷയിൽ ആശയവിനിമയം നടത്തുന്നതിനും വിവിധ വ്യവഹാര രൂപങ്ങൾ ഉപയോഗിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കൽ.

2. ഇംഗ്ലീഷ് ഭാഷയിൽ അനായാസേന ആശയവിനിമയം നടത്തുന്നതിനും വിവിധ discourses ഓരോ ക്ലാസ്സിന്റെയും ഏറ്റവും ഉയർ നിലവാരത്തിൽ ഉപയോഗിക്കുന്ന തിനുള്ള കഴിവുണ്ടാക്കൽ.

3. ശാസ്ത്ര പഠനത്തിലൂടെ നേടേണ്ട എല്ലാ പ്രക്രിയാശേഷികളും ശാസ്ത്രബോധവും ആർജിക്കാൻ കുട്ടിയെ പ്രാപ്തരാക്കൽ, പുതിയ വിജ്ഞാന നിർമിതിക്ക് / കണ്ടെത്തലുകൾക്ക് കുട്ടിയെ പ്രാപ്തരാക്കൽ.

4. ശേഖരിക്കപ്പെട്ട വിജ്ഞാനത്തെ അപഗ്രഥിക്കാനും നിലവിലുള്ള സമൂഹത്തെ വില യിരുത്താനും ഭാവിയെ രൂപകൽപ്പന ചെയ്യാനും പ്രാപ്തരാക്കുന്ന വിധത്തിൽ ഓരോ ക്ലാസ്സിലെ കുട്ടികളെയും ഉയർന്ന സാമൂഹ്യശാസ്ത്ര പഠനനിലവാര ത്തിലെത്തിക്കൽ.

5. അനുഭവം, ഭാഷ, ചിത്രം, ബിംബനം എന്നീ ക്രമത്തിൽ ഗണിതാശയങ്ങൾ സ്വായത്ത മാക്കാനും ഓരോ ക്ലാസ്സിലെയും ഏറ്റവുമുയർന്ന നിലവാരത്തിൽ ശേഷികൾ ആർജിച്ച് നിത്യജീവിത സന്ദർഭങ്ങളിൽ ഗണിതാശയങ്ങൾ പ്രശ്ന പരിഹരണത്തിനായി ഉപയോഗിക്കാൻ കുട്ടിയെ പ്രാപ്തരാക്കുക.

6. ചിട്ടയായ പരിശീലനങ്ങൾ, കളികൾ എന്നിവയിലൂടെ ഉയർന്ന ആത്മാഭിമാനവും കായി കശേഷിയുമുള്ള കുട്ടികളെ വളർത്തിയെടുക്കൽ, ഉയർന്ന ശാരീരിക മാനസിക ആരോഗ്യമുള്ള കുട്ടികളായി ഓരോ കുട്ടിയെയും മാറ്റിയെടുക്കൽ.

7. കുട്ടികളിലെ സർഗ്ഗാത്മകത പ്രയോജനപ്പെടുത്തി വിവിധ നിർമ്മാണ പ്രവർത്തന ങ്ങളിൽ നൈപുണ്യം വളർത്തൽ, സാമ്പത്തിക നേട്ടങ്ങൾ ലഭിക്കും വിധം വിവിധ ഉൽപ്പന്നങ്ങൾ തയ്യാറാക്കാൻ അവരെ പ്രാപ്തരാക്കൽ.

8. ഓരോ കുട്ടിയിലും വിവിധ കലാരൂപങ്ങളിലുള്ള കഴിവ് തിരിച്ചറിയാനും തങ്ങളുടേ തായ ഒരു മേഖലയിലെങ്കിലും പ്രതിഭയായി കുട്ടിയെ മാറ്റാനും മികച്ച ആസ്വാദകരും വിമർശകരുമാകത്തക്കവിധം കലാപഠനത്തിന്റെ വൈജ്ഞാനിക അടിത്തറ വികസി പ്പിക്കാനും ഉതകുന്ന മികച്ച പരിശീലനം നൽകൽ.

9. മികച്ച അക്കാദമിക പ്രവർത്തനങ്ങൾ നടത്തുന്ന അയൽപ്പക്കവിദ്യാലയമായി സ്കൂളിനെ മാറ്റി, പ്രദേശത്തെ മുഴുവൻ കുട്ടികളെയും സ്കൂളിലെത്തിക്കൽ.

10. പഠന പ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കി മാറ്റി കുട്ടികളെ സ്കൂളിലേക്ക് ആകർഷിക്കൽ.

11. മികച്ച ഗവേഷണാത്മക ബോധനമാതൃകകൾ സൃഷ്ടിക്കൽ.



7

12. പ്രവർത്തനാധിഷ്ഠിത പഠനത്തിലൂടെ ഓരോ വിഷയത്തിലും ഏറ്റവുമുയർന്ന നില വാരത്തിൽ ഓരോ കുട്ടിയെയും എത്തിക്കൽ.

13. പ്രാദേശിക സാധ്യതകൾ പ്രയോജനപ്പെടുത്തി, പഠനം കൂടുതൽ പരിസരബന്ധിതവും പ്രവർത്തനാധിഷ്ഠിതവുമാക്കൽ.

14. വിദ്യാലയത്തിലെ ഓരോ ഇടവും ടാലന്റ് ലാബുകളാക്കൽ.

15. ഓരോ മേഖലയിലും പ്രതിഭകൾക്കുവേണ്ട പോഷണ പ്രവർത്തനങ്ങൾ നൽകൽ.

16. പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഓരോ വിഷയത്തിലും ആവശ്യമായ കൈത്താങ്ങ് നൽകൽ.

17. ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സാങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി നല്ല പഠനാന്തരീക്ഷവും മികച്ച പഠന രീതികളും സംജാതമാകുന്നു.

18. ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠന പ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാകുന്നു.

19. വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

20. വിദ്യാർത്ഥികൾക്ക് ക്ലാസ്മുറിയിലെ പഠന പ്രവർത്തനങ്ങൾക്ക് പുറമെ കലാ, കായിക പ്രവൃത്തി പരിചയ പഠന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുത്തുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.

21. ഓരോ അധ്യാപികയും ആധുനിക സാങ്കേതിക വിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.

22. ഓരോ വിദ്യാർത്ഥിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.

23. പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

24. വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

25. അധ്യാപനവും അധ്യയനവും സർഗാത്മകതയും രകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.



8

# വിഭാഗങ്ങൾ

1. **എൽ. പി. വിഭാഗം**

    എ) ഉദ്ഗ്രഥനം

    ബി) മലയാളം

    സി) ഇംഗ്ലീഷ്

    ഡി) ഗണിതം

    ഇ) പരിസര പഠനം

2. **ക്ലബ് പ്രവർത്തനങ്ങൾ**

    എ) സയൻസ് ക്ലബ്

    ബി) പരിസ്ഥിതി ക്ലബ്

    സി) ഗണിത ക്ലബ്

    ഡി) ഇംഗ്ലീഷ് ക്ലബ്

    ഇ) ലഹരിവിരുദ്ധ ക്ലബ്

    എഫ്) ശുചിത്വ ക്ലബ്

    ജി.) വിദ്യാരംഗം കലാസാഹിത്യവേദി

    എച്ച്.) റീഡേഴ്സ് ക്ലബ്

3. **സമൂഹ പിന്തുണയിലൂന്നിയ അക്കാദമിക പ്രവർത്തനങ്ങൾ**

4. **അക്കാദമിക മികവിനായുള്ള ഭൗതീക സാഹചര്യ വികസന പ്രവർത്തനങ്ങൾ**

5. **വിദ്യാലയത്തിന്റെ സവിശേഷ പ്രവർത്തനങ്ങൾ.**

# എൽ.പി. വിഭാഗം

## 1. സംയുക്ത ഡയറി

കുട്ടികൾ അതാതു ദിവസത്തെ സംഭവങ്ങൾ അനുഭവങ്ങൾ എന്നിവ ഡയറി എഴുതുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണത്തിന്റെ ചുമതല |
|---|---|
| ജൂൺ - മാർച്ച് | വിഷയത്തിന്റെ ആദ്ധ്യാത്മിക രക്ഷിതാവ് |

## 2. വലിയ ചിത്രബോർഡ്

ഓരോ പാഠഭാഗത്തിനനുസരിച്ച് വളരുന്ന ഒരു ചിത്രബോർഡ് ക്ലാസിൽ സ്ഥാപിക്കൽ

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | അധ്യാപിക, കുട്ടികൾ |

## 3. രചനോത്സവം

ചിത്രത്തിനനുസരിച്ച് കഥ വികസിപ്പിച്ച് എഴുതൽ. പതിപ്പ് രൂപത്തിലാക്കൽ.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| സെപ്റ്റംബർ - മാർച്ച് | അധ്യാപിക, രക്ഷിതാവ് |

## 4. പാട്ടരങ്ങ്

കുട്ടികൾ കുട്ടിപാട്ടുകൾ പാടുകയും ശേഖരിക്കുകയും ചെയ്യൽ

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | അധ്യാപിക, രക്ഷിതാവ് |

## 5. പദശേഖരം

അധ്യാപകരും കുട്ടികളും ചർച്ചയോടെ വാക്കുകൾ രൂപീകരിച്ച് പ്രദർശിപ്പിക്കുന്നു. ഓരോ ദിവസത്തെയും വാക്കുകൾ 'എന്റെ പദശേഖരം' എന്ന പുസ്തകത്തിൽ ഓരോരുത്തരും രേഖപ്പെടുത്തുന്നു. പുസ്തകങ്ങൾ ക്ലാസ്സിൽ സൂക്ഷിക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

6. **സംഖ്യാ ചങ്ങല**

തെർമോകോൾ മുത്തുകൾ ഉപയോഗിച്ച് ഡിസ്പ്ലേ ബോർഡിൽ കുട്ടികളുടെ ചർച്ചയോടെ സംഖ്യകൾ ചിത്രീകരിക്കുന്നു. ഓരോ ദിവസവും ഓരോ കുട്ടികൾക്ക് സംഖ്യകൾ ക്രമീകരിക്കാൻ അവസരം നൽകുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

7. **സംഖ്യാകേളികൾ**

ഉച്ചഭക്ഷണ ശേഷമുള്ള സമയത്ത് കളിക്കുന്നതിനായി വിവിധ സംഖ്യാകേളികൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. സംഖ്യാബോധം ഉറപ്പിക്കുന്നതിനുകൂടി സഹായകമായ തീയേറ്റർ ഗെയിമുകൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

8. **സംഖ്യാപോക്കറ്റ് നിർമ്മാണം**

ചാർട്ടിൽ നിരയായി 3 പോക്കറ്റുകൾ നിർമ്മിക്കുന്നു. പോക്കറ്റുകളിൽ 2 എണ്ണത്തിൽ സംഖ്യാ കാർഡുകൾ ഇടുന്നു. അവയിലുള്ള ക്രിയകൾ (സങ്കലം, വ്യവകലനം) അനുസരിച്ച് ശരിയുത്തരത്തിന്റെ കാർഡുകൾ തെരഞ്ഞെടുത്ത് മൂന്നാമത്തെ പോക്കറ്റിൽ നിക്ഷേപിക്കാം. കാർഡുകൾ മാറ്റി നൽകികൊണ്ടേയിരിക്കും.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

9. Picture Card Games

Set of cards with pictures of different occasions are distributed to the children. Cards with different words are also given. Students make set of the cards in the right way by arranging the correct words related to the picture cards.

| Time Period | Co-ordinator |
|---|---|
| June - March | Teacher of the concrned subject |

## മലയാളം (ക്ലാസ്സ് – 3, 4)

### ഉപലക്ഷ്യങ്ങൾ

1. ഭാഷണത്തിനുള്ള കഴിവ് വികസിപ്പിക്കുന്നതിന്
2. ലേഖനത്തിനുള്ള കഴിവ് വികസിപ്പിക്കുന്നതിന്
3. കുട്ടികളിൽ വായനാശീലം വളർത്തുന്നതിന്

### പ്രവർത്തനങ്ങൾ

1. **ക്ലാസ്സ്റൂം ചിത്രകഥകൾ**

അധ്യാപിക ക്ലാസ്സ്റൂമിലെ വിവിധ സന്ദർഭങ്ങളുടെ ചിത്രമെടുത്ത് കമ്പ്യൂട്ടർ സഹായത്തോടെ ചിത്രകഥകളാക്കി മാറ്റുന്നു. സ്വാഭാവിക സന്ദർഭങ്ങളും റോൾപ്ലേയിലെ രംഗങ്ങളും ഉപയോഗിക്കാം. ചിത്രകഥയിലെ ഒഴിഞ്ഞ സംഭാഷണ ബോക്സുകൾ കുട്ടികൾ പൂരിപ്പിക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

2. **ചിത്രവായനാകാർഡുകൾ**

വിവിധ ചിത്രങ്ങൾ അടങ്ങിയ കാർഡുകൾ നൽകിയശേഷം അവയുമായി ബന്ധപ്പെട്ട കഥകൾ / ലഘു വിവരണങ്ങൾ എന്നിവ കുട്ടികൾ തയ്യാറാക്കുന്നു. കുട്ടികൾ തയ്യാറാക്കിയ കഥകൾ പരസ്പരം കൈമാറി അവയെ അടിസ്ഥാനമാക്കിയുള്ള ചിത്രങ്ങൾ വരച്ച് അടിക്കുറുപ്പു നൽകാനും ആവശ്യപ്പെടുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

3. **ഒരാഴ്ച ഒരു പ്രസംഗം**

വിവിധ വസ്തുക്കൾ, സംഭവങ്ങൾ എന്നിവയെ ആസ്പദമാക്കി വിവരശേഖരണം നടത്തി ആഴ്ചയിലൊരിക്കൽ ഒരു പ്രസംഗം വിതം നടത്തുന്നു. 3, 4 ക്ലാസ്സുകളിൽ ഉച്ചയ്ക്കുള്ള വായനാ സമയം ഇതിനായി ഉപയോഗിക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് (ആഴ്ചയിലൊരിക്കൽ) | വിഷയത്തിന്റെ അധ്യാപിക |

4. **ഒരാഴ്ചക്കഥകൾ**

ക്ലാസ്സിലെ അധ്യാപിക ഉൾപ്പെടെ എല്ലാവരും ഒരുമിച്ച് പങ്കാളികളാവുന്ന ഈ പ്രവർത്തനത്തിൽ ആഴ്ചയുടെ തുടക്കത്തിൽ ഒരു കഥയുടെ ഒരു വരിയെഴുതി ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. ഒരാഴ്ചകൊണ്ട് ഓരോരുത്തരും ഓരോ വരികൾ ദിവസവും കൂട്ടിച്ചേർത്ത് കഥ പൂർത്തിയാക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് (ആഴ്ചയിലൊരിക്കൽ) | വിഷയത്തിന്റെ അധ്യാപിക |

## English (Class - 3, 4)

### Objectives

1. Using games to enrich vocabulary and ensure fluency in English.
2. Provide support for reading, listening, writting and speaking English fluently.

### Activities

1. **'Spelling Bee' Games and other Language games using ICT**

Using spelling B games and other language games to enrich vocabulary. Students learn more English Words and play these games once in a week during the reading hour at 1.15 pm. They can use ICT in I.T/English periods to play language games. They list out all woords used in these games and prepare 'My word book'.

| Time Period | Co-ordinator |
|---|---|
| June - March | English Teacher |

2. **Lone word collections**

Students collect lone words with the help of teacher and prepare 'My Word book'

| Time Period | Co-ordinator |
|---|---|
| June - March | English Teacher |

3. English Library

Arranging English books and reading cards in the class library. Ensuring proper usage of library by issuing charge of class librarian.

| Time Period | Co-ordinator |
|---|---|
| June - March | English Teacher |

4. **Rhyme Time**

Half an hour from 1.15 pm to 1.45 pm is given to students for watchng English rhymes once in a week. Rhymes are presented before students using ICT and time is given for presenting learned rhymes.

| Time Period | Co-ordinator |
|---|---|
| June - March | English Teacher |

## ഗണിതം

**ഉപലക്ഷ്യങ്ങൾ**

1. ഗുണന വസ്തുതകൾ ഉറപ്പിക്കുന്നതിന്
2. സ്ഥാനവിലകൾ ഉറപ്പിക്കുന്നതിന്
3. സങ്കലന വ്യവകലന ക്രിയകൾ രസകരമായി അഭ്യസിക്കുന്നതിന്
4. ഗണിത പഠന താൽപര്യം വർദ്ധിപ്പിക്കുന്നതിന്
5. ഒറ്റസംഖ്യകൾ, ഇരട്ടസംഖ്യകൾ, ലഘു സംഖ്യാശ്രേണികൾ എന്നിവ മനസ്സിലാക്കുന്നു.

**പ്രവർത്തനങ്ങൾ**

1. **കപ്പുകൊട്ടാര നിർമ്മാണം**

വിവിധ സംഖ്യകളുടെ ഗുണന വസ്തുതകൾക്കനുയോജ്യമായ രീതിയിൽ ഡിസ്പോസിബിൾ ഗ്ലാസുകൾ ഉപയോഗിച്ച് കപ്പുകൊട്ടാരം നിർമ്മിക്കുന്നു. ഗുണന വസ്തുതകൾ പട്ടികപ്പെടുത്തുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

2. **പൊട്ടുകൾ കൊണ്ടുള്ള പാറ്റേണുകൾ**

കുട്ടികൾ വിവിധ തരം പൊട്ടുകൾ ഉപയോഗിച്ച് പാറ്റേണുകൾ നിർമ്മിക്കുന്നു. ഒറ്റ സംഖ്യകൾ, ഇരട്ട സംഖ്യകൾ, ലഘുസംഖ്യാശ്രേണികൾ എന്നിവ തയ്യാറാക്കിയ ശേഷം സംഖ്യാരൂപത്തിൽ പട്ടികപ്പെടുത്തുന്നു, സാമാന്യ വൽക്കരണം നടത്തുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

3. **സംഖ്യാപോക്കറ്റ് നിർമ്മാണം**

ചതുഷ്ക്രിയകൾക്കനുയോജ്യമായ രീതിയിൽ സംഖ്യാപോക്കറ്റുകൾ നിർമ്മിക്കുന്നു. പാഠാസൂത്രണത്തിനനുസരിച്ച് കുട്ടികൾ വിവിധ സങ്കലന വ്യവകലന ക്രിയകൾ ചെയ്യുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

## പരിസര പഠനം

**ഉപലക്ഷ്യങ്ങൾ**

1. പരിസരബന്ധിതമായി നടത്തുന്ന നിരീക്ഷണങ്ങൾ, പരീക്ഷണങ്ങൾ എന്നിവ വഴി പരിസര പഠനതാൽപ്പര്യം വർദ്ധിപ്പിക്കുകയും പ്രക്രിയാശേഷികൾ വികസിപ്പിക്കുകയും ചെയ്യുന്നതിന്.
2. ക്യാമ്പസ് ഒരു പാഠപുസ്തകമാക്കി മാറ്റി സ്കൂൾ ചുറ്റുപാടിൽ നിന്നും സസ്യലതാദി കളുടെ സവിശേഷതകൾ കണ്ടെത്തി പട്ടികപ്പെടുത്തുന്നതിന്

**പ്രവർത്തനങ്ങൾ**

1. **ഹെർബേറിയം നിർമ്മാണം**

ക്യാമ്പസിലെ ചെടികളുടെ ഇലകൾ ശേഖരിച്ചുകൊണ്ട് ഹെർബേറിയം തയ്യാറാ ക്കുന്നു. ഇല വിന്യാസങ്ങളുടെ പേരുകൾ, ചെടിയുടെ പേരുകൾ എന്നിവ രേഖപ്പെടു ത്തുന്നു. തുടർ പഠനങ്ങൾക്കുള്ള റഫറൻസ് സാമഗ്രിയായി സൂക്ഷിച്ചുവയ്ക്കുന്നു. (ക്ലാസ് 4 ന്റെ പ്രവർത്തനം)

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

2. **ശേഖരണമൂല തയ്യാറാക്കൽ**

വേരുകൾ, വിവിധ തരം മണ്ണുകൾ, കിഴങ്ങു വർഗ്ഗങ്ങൾ, കായകൾ, ധാന്യങ്ങൾ എന്നിവ ഉൾപ്പെടുത്തി ശേഖരണമൂല തയ്യാറാക്കുന്നു. ഇവയുടെ വർഗ്ഗീകരണം, പ്രത്യേകതകൾ എന്നിവ പട്ടികപ്പെടുത്തുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

3. **ക്ലാസ്സ്റൂം പച്ചക്കറിത്തോട്ടങ്ങൾ**

ക്ലാസ്സ്റൂമിനു മുമ്പിലായി പച്ചക്കറിത്തോട്ടങ്ങൾ നിർമ്മിക്കുന്നു. ചെടികൾ നടുന്നതു മുതലുള്ള കാര്യങ്ങൾ എന്റെ നിരീക്ഷണക്കുറിപ്പുകളിൽ രേഖപ്പെടുത്തുന്നു. ഓരോ ദിവസവുമുള്ള മാറ്റങ്ങൾ പട്ടികപ്പെടുത്തുന്നു. ഇഴവള്ളികൾ, ആരോഹികൾ എന്നിവയെ തിരിച്ചറിയുന്നു, രേഖപ്പെടുത്തുന്നു. ചെടികൾക്ക് ലേബലിങ്ങ് നടത്തുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

## ക്ലബ് പ്രവർത്തനങ്ങൾ

### എ.) സയൻസ് ക്ലബ്

1. **ഉപലക്ഷ്യം**

1. കുട്ടികളിൽ ശാസ്ത്രപഠനതാൽപ്പര്യം വർദ്ധിപ്പിക്കുന്നതിനും അന്വേഷണത്വര സൃഷ്ടിക്കുന്നതിനും.

**പ്രവർത്തനങ്ങൾ**

1. **വാനനിരീക്ഷണ ക്യാമ്പ്**

കുട്ടികൾക്ക് വാനനിരീക്ഷണ ക്ലാസ്സ് നൽകിയശേഷം വാനനിരീക്ഷണത്തിന് അവസരം നൽകുന്നു. ഓരോ ദിവസവും വാനനിരീക്ഷണം നടത്തിയ ശേഷം കുട്ടികൾ കുറിപ്പു തയ്യാറാക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ഫെബ്രുവരി | ക്ലബ് കോ-ഓർഡിനേറ്റർ |

2. **സയൻസ് ന്യൂസ് പേപ്പർ**

പരിസ്ഥിതിദിനം, ദേശീയ ശാസ്ത്രദിനം, ഓസോൺദിനം, ചാന്ദ്രദിനം എന്നീ ദിനങ്ങളോടനുബന്ധിച്ച് കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി ന്യൂസ് പേപ്പറുകൾ തയ്യാറാക്കുന്നു. ഇതിനായി ഓരോ വർഷവും പ്രത്യേകം എഡിറ്റോറിയൽ ബോർഡുകൾ രൂപീകരിക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ഫെബ്രുവരി | ക്ലബ് കോ-ഓർഡിനേറ്റർ |

3. **ദിനാചരണ ക്വിസ്**

പരിസ്ഥിതിദിനം, ദേശീയ ശാസ്ത്രദിനം, ഓസോൺ ദിനം, ചാന്ദ്ര ദിനം എന്നീ ദിനങ്ങളോടനുബന്ധിച്ച് ഒരു ദിവസം കുട്ടികൾക്കായി ഡോക്യുമെന്ററി പ്രദർശനം / പ്രത്യേക ക്ലാസ്സ് നൽകുന്നു. രണ്ടാം ദിവസം ക്വിസ് മത്സരം നടത്തുന്നു. ക്വിസിനായുള്ള ചോദ്യങ്ങൾ, സ്ലൈഡുകൾ എന്നിവ ക്ലബിലെ കുട്ടികൾ തയ്യാറാക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ, ജൂലൈ, സെപ്റ്റംബർ, ഫെബ്രുവരി | ക്ലബ് കോ-ഓർഡിനേറ്റർ |

## ബി.) പരിസ്ഥിതി ക്ലബ്

**ഉപലക്ഷ്യങ്ങൾ**

1. കുട്ടികളിൽ പരിസ്ഥിതി പഠനതാൽപര്യം വളർത്തുന്നതിനും പ്രാദേശിക സാധ്യത പരിസ്ഥിതി പഠനത്തിൽ ഉപയോഗപ്പെടുത്തുന്നതിനും.

**1. കൃഷി**

കുട്ടികൾ പച്ചക്കറി കൃഷി വീടുകളിലുംം സ്കൂളിലും ചെയ്യുന്നു. സംരക്ഷിക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | ക്ലബ് കോ-ഓർഡിനേറ്റർ |

**2. ജൈവ വൈവിധ്യ ഉദ്യാനം**

കുട്ടികൾ പൂന്തോട്ട സംരക്ഷണവും വികസനവും പരിപാലിക്കലും ചെയ്യുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | ക്ലബ് കോ-ഓർഡിനേറ്റർ |



17

**3. പരിസ്ഥിതി സംരക്ഷണ മുദ്രാവാക്യങ്ങൾ എഴുതൽ**

സ്കൂൾ പരിസരത്ത് പരിസ്ഥിതി സംരക്ഷണ മുദ്രാവാക്യങ്ങൾ പതിപ്പിക്കൽ.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | ക്ലബ് കോ-ഓർഡിനേറ്റർ |

## സി.) ഗണിത ക്ലബ് (ക്ലബ്)

**ഉപലക്ഷ്യങ്ങൾ**

1. ഗണിത പഠനതാൽപര്യം വളർത്തുകയും ഗണിത പഠനത്തിലെ സർഗ്ഗാത്മകത ആസ്വദിക്കാൻ കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യുന്നു.

**പ്രവർത്തനങ്ങൾ**

ഗണിത ക്ലബിന്റെ ആഭിമുഖ്യത്തിൽ സ്കൂളിൽ പൊതുവായി പസിൽബോർഡ് സ്ഥാപിക്കുന്നു. ഓരോ ആഴ്ചയും ഗണിത ക്ലബ് അംഗങ്ങൾ ഗണിത പസിലുകൾ ബോർഡിൽ പ്രദർശിപ്പിക്കുന്നു. ഉത്തരങ്ങൾ ശേഖരിക്കുന്നതിന് പ്രത്യേകം ബോക്സ് സ്ഥാപിക്കുന്നു. ശരിയുത്തരങ്ങൾ പരിശോധിച്ച് അസംബ്ലികളിൽ വിജയികളെ അഭിനന്ദിക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | ക്ലബ് കോ-ഓർഡിനേറ്റർ |

## d) English Club (Saplings Club)

**Objectives :**

1. Create situations for the students to use English naturally
2. Help the students to get more exposure to the language from the society

**Activities**

1. **Drama Fest**

English dramas are exhibited using ICT for one week. Discussions are conducted based on the scenes and characters.

| Time Period | Co-ordinator |
|---|---|
| June - March | Club Co-ordinator |

2. **English news board**

A news board will be established in the school to paste news and interesting descriptions in English. Members in English club updates the news board using the newspapers and magazines.

| Time Period | Co-ordinator |
|---|---|
| June - March | Club Co-ordinator |

## ഇ.) ലഹരി വിരുദ്ധ ക്ലബ്

**ഉപലക്ഷ്യങ്ങൾ**

1. കുട്ടികളിൽ ലഹരി വിരുദ്ധമനോഭാവം സൃഷ്ടിക്കുകയും ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ താൽപ്പര്യം വളർത്തുകയും ചെയ്യൽ.

**പ്രവർത്തനങ്ങൾ**

1. **കുട്ടികളുടെ ക്ലാസ്സുകൾ**

അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് (ജൂൺ 29) കുട്ടികൾ പ്രദേശത്തെ കോളനികളിൽ ക്ലാസ്സുകൾ നടത്തുന്നു. പോസ്റ്റർ പ്രദർശനം, നാടകാവതരണം എന്നിവയും ഇതോടൊപ്പം നടത്തുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | ക്ലബ് കോ-ഓർഡിനേറ്റർ |

## എഫ്.) ശുചിത്വ ക്ലബ്ബ്

**ഉപലക്ഷ്യങ്ങൾ**

1. വ്യക്തി ശുചിത്വം, സാമൂഹ്യ ശുചിത്വം എന്നിവയുടെ പ്രാധാന്യത്തെപ്പറ്റി കുട്ടികൾക്ക് ധാരണയുണ്ടാക്കൽ.
2. ശുചിത്വ പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കൽ, ശുചിത്വ ശീലങ്ങൾ വളർത്തൽ.

**പ്രവർത്തനങ്ങൾ**

1. **ക്ലാസ്സ്റൂം പ്രവർത്തനങ്ങൾ**

ക്ലാസ്സ്റൂം പൂന്തോട്ടങ്ങൾ സ്ഥാപിക്കാൻ ഓരോ ക്ലാസ്സിലെയും ശുചിത്വ ക്ലബുകൾക്ക് അംഗങ്ങൾ നേതൃത്വം നൽകുന്നു. ഓരോ കുട്ടിയുടെ വീട്ടിൽ നിന്നും കൊണ്ടുവരുന്ന ചെടികൾ കൃത്യമായ പ്ലാനോടെ ക്ലാസ്സ് പരിസരത്ത് വച്ച് പിടിപ്പിക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | ക്ലബ് കോ-ഓർഡിനേറ്റർ |

2. **മാലിന്യം ഇനം തിരിക്കൽ**

വിവിധയിനം മാലിന്യങ്ങൾ സംസ്കരിക്കാൻ ഓരോന്നിനും പ്രത്യേകം ബിന്നുകൾ കാമ്പസിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുന്നു. ഇവയിലെ മാലിന്യങ്ങൾ ഇനം തിരിക്കുന്നു. പുനരുപയോഗ സാധ്യതയുള്ളവ ശേഖരിച്ചു വിൽക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | ക്ലബ് കോ-ഓർഡിനേറ്റർ |

3. **ഡ്രൈ ഡേ ആചരണം**

ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആചരിക്കുന്നു. ക്യാമ്പസിലെ കെട്ടികിടക്കുന്ന വെള്ളം വൃത്തിയാക്കി ശുചീകരിക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | ക്ലബ് കോ-ഓർഡിനേറ്റർ |

## ജി.) വിദ്യാരംഗം കലാസാഹിത്യവേദി

**ഉപലക്ഷ്യങ്ങൾ**

1. ഭാഷ, സാഹിത്യം എന്നിവയിൽ കുട്ടികൾക്ക് താൽപ്പര്യം വളർത്തുന്നതിന്.
2. വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കുന്നതിനും വിലയിരുത്തുന്നതിനും കുട്ടികളെ പ്രാപ്തരാക്കൽ

**പ്രവർത്തനങ്ങൾ**

1. **കവിതാശിൽപ്പശാല**

പ്രശസ്ത കവികളെ സ്കൂളിലെത്തിച്ച്, കവിതാരചന, രചനാ സങ്കേതങ്ങൾ എന്നിവ സംബന്ധിച്ച് കുട്ടികൾക്ക് പരിശീലനം നൽകുകയും കവിതകൾ രചിക്കാൻ കുട്ടികൾക്ക് പ്രചോദനം നൽകുകയും ചെയ്യുന്നു. കുട്ടികളുടെ രചനകൾ കയ്യെഴുത്ത് സമാഹരമായി പുറത്തിറക്കുന്നു. മികച്ചവ സ്കൂൾ മാഗസീനിൽ ഉൾപ്പെടുത്തുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ഡിസംബർ | ക്ലബ് കോ-ഓർഡിനേറ്റർ |

2. **അനുസ്മരണ സദസ്സുകൾ**

വയലാർ അനുസ്മരണം, ഒ.എൻ.വി. അനുസ്മരണം എന്നിവ നടത്തുകയും കാവ്യാലാപന മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. ഗാനങ്ങൾ, കവിതകൾ എന്നിവ ശേഖരിക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | ക്ലബ് കോ-ഓർഡിനേറ്റർ |

3. **വായനവാരാചരണ പരിപാടികൾ**

ജൂൺ 19 മുതലുള്ള ഒരാഴ്ച വായനാ സെമിനാർ, പുസ്തകാവതരണ സദസ്സ്, കാവ്യാലാപന സദസ്സ് തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ 19 - 25 | ക്ലബ് കോ-ഓർഡിനേറ്റർ |

## എച്ച്.) റീഡേഴ്സ് ക്ലബ്

**ഉപലക്ഷ്യങ്ങൾ**

1. വായനയോട് താല്പര്യം വർദ്ധിപ്പിക്കുന്നതിന്.
2. പുസ്തകമേള കൂട്ടുകാരാക്കുന്നതിന്.

**പ്രവർത്തനങ്ങൾ**

ആഴ്ചയിലൊരിക്കൽ ലൈബ്രറി പുസ്തകങ്ങൾ കുട്ടികൾക്ക് എടുക്കാൻ അവസരം നൽകുന്നു. പുസ്തകം വായിച്ച് കുറിപ്പ് എഴുതുന്നു. എഴുതുന്ന കുറിപ്പിൽ 'പുസ്തക ചങ്ങാതി' എന്ന സ്റ്റിക്കർ ഒട്ടിക്കുന്നു. നല്ല വായനക്കാര കണ്ടെത്തുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ - മാർച്ച് | ക്ലബ് കോ-ഓർഡിനേറ്റർ |



21

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതീകം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം<br>ഗണിതശേഷി വികസനം<br>ഇംഗ്ലീഷ് ഫെസ്റ്റ്<br>രചനാ ശില്പശാല<br>സർഗസല്ലാപം<br>കുട്ടീസ് റേഡിയോ<br>ശാസ്ത്രലാബ് നവീകരണം<br>ചിത്രരചനാ കളരി<br>ഇംഗ്ളീഷ് തിയേറ്റർ<br>അഭിമുഖങ്ങൾ<br>ഇംഗ്ളീഷ് കോർണർ<br>ഒറിഗമി ശില്പശാല<br>വായനാ പരിപോഷണം<br>പഠനയാത്രകൾ<br>ഭാഷാ ചെലവ്<br>പ്രതിഭാ പോഷണ പരിപാടി<br>ഗ്രന്ഥശാലാ ശാക്തീകരണം<br>ജന്മദിനത്തിനൊരു പുസ്തകം<br>തൂലിക വായനയ്ക്കൊരു വഴികാട്ടി<br>അതിഥിയ്ക്കൊപ്പം അരമണിക്കൂർ<br>പസിൻബോസ്<br>അസംബ്ലി ക്വിസ്<br>മാസാന്ത്യ ക്വിസ്<br>മെഗാ ക്വിസ്<br>ഇംഗ്ലീഷ് അസംബ്ലി<br>വീട്ടിലൊരു ലൈബ്രറി<br>അറിവിന്റെ ജാലകം - സ്കൂൾ ക്വിസ്<br>വർക്ക്ഷീറ്റ് നിർമ്മാണ ശില്പശാല<br>പുസ്തകതൊടിൽ | ചുറ്റുമതിൽ ആകർഷകമാക്കൽ<br>ഇലക്ട്രിക്കൽ മെയിന്റനൻസ്<br>ഡൈനിംഗ് ഹാൾ<br>ലൈബ്രറി<br>ക്ലാസ് ലൈബ്രറി<br>വായനാമൂല<br>ഭാഷാലാബ് | പി.ടി.എ. ശക്തിപ്പെടുത്തൽ<br>എസ്.ആർ.ജി.<br>ഗ്രന്ഥശാലകൾ, ക്ലബുകൾ, സന്നദ്ധ സംഘടനകൾ, സ്വകാര്യ ആശുപത്രികൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ<br>ക്ലാസ് പി.ടി.എ. മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ<br>ഭവന സന്ദർശനം |

## പദ്ധതി വിശദാംശങ്ങൾ

പ്രവർത്തനം : 1
പ്രവർത്തനത്തിന്റെ പേര് : കുട്ടീസ് റേഡിയോ
ഉപമേഖല : ഭാഷയുടെ പ്രകടന പരത

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അവതരണ മികവ് കൈവരിക്കൽ | വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന റേഡിയോ സ്റ്റുഡിയോയിൽ നിന്നും എല്ലാ ക്ലാസ്സിലും ക്രമീകരിച്ചിരിക്കുന്ന സ്പീക്കറുകളിലേയക്ക് ഒഴിവു സമയത്ത് റേഡിയോ പ്രക്ഷേപണം, കുട്ടികളുടെ വിവിധ പരിപാടികളുടെ അവതരണം | എല്ലാ ദിവസവും ഒഴിവു സമയങ്ങളിൽ | എസ്.ആർ. ജി. | |

പ്രവർത്തനം : 2
പ്രവർത്തനത്തിന്റെ പേര് : ദിനാചരണങ്ങൾ
ഉപമേഖല : സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി.യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്.ആർ. ജി. | |

പ്രവർത്തനം : 3

പ്രവർത്തനത്തിന്റെ പേര് : ഒറിഗാമി ശില്പശാല

ഉപമേഖല : അക്കാദമികം / ഗണിതശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രസകരമായ ഗണിത ശാസ്ത്ര പഠനവും കര ചലന ശേഷിക ളുടെ വികാസവും | ജാപ്പനീസ് കലയായ ഒറിഗാമിയുടെ ഗണിതശേ ഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെ ടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ. ജി. | |

പ്രവർത്തനം : 4

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദ മായി വായിക്കാനും എഴുതാനും സംസാ രിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീ ഷിൽ അവതരിപ്പിക്കുക. ഓരോ ക്ലാസിനും ഇട വിട്ട് ചുമതല നൽകൽ | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 5

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് കോർണർ

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്ത രീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകം എന്നിവയുടെ ശേഖരം ഒരുക്കൽ | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ് | |

പ്രവർത്തനം : 6

പ്രവർത്തനത്തിന്റെ പേര് : രചനാ ശില്പശാല

ഉപമേഖല : മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗ്ഗാത്മക രചനക ളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, വായനാ സാമഗ്രിക ളുടെ നിർമ്മാണം | കഥയരങ്ങ് / കവിയരങ്ങ് / രചനാ ശില്പശാല എന്നിവ സംഘടിപ്പിക്കൽ. രൂപപ്പെടുന്ന ഉല്പന്ന ങ്ങൾ ക്ലാസുമുറിയിലെ പഠനസാമഗ്രിയായി ഉപ യോഗിക്കൽ | രണ്ടുമാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | |

പ്രവർത്തനം : 7
പ്രവർത്തനത്തിന്റെ പേര് : സർഗ്ഗസല്ലാപം
ഉപമേഖല : ഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവു നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ, അവരുടെ വായന / എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ | വർഷത്തിൽ 2 പ്രാവശ്യം | എച്ച്.എം. പി.റ്റി.എ. | |

പ്രവർത്തനം : 8
പ്രവർത്തനത്തിന്റെ പേര് : ഗ്രന്ഥാലാ ശാക്തീകരണം
ഉപമേഖല : ഭാഷാ ശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേയ്ക്ക് കൂടുതൽ പുസ്തകങ്ങൾ ഭവന സന്ദർശനത്തിലൂടെ കണ്ടെത്തൽ. പുസ്തകങ്ങൾ വർഗീകരിച്ച് ക്രമീകരിക്കൽ | വർഷത്തിൽ 2 പ്രാവശ്യം | എച്ച്.എം. പി.റ്റി.എ. | |

പ്രവർത്തനം : 9

പ്രവർത്തനത്തിന്റെ പേര് : ശാസ്ത്ര ലാബ് നവീകരിക്കൽ

ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര ലാബിനെ സജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങൾ ഇനം തിരിച്ച് ക്രമീകരിക്കൽ. കൂടുതൽ ശാസ്ത്ര ഉപകരണങ്ങൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് | |

പ്രവർത്തനം : 10

പ്രവർത്തനത്തിന്റെ പേര് : ചിത്ര രചനാകളരി

മേഖല : അക്കാദമികം / കലാ - വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചിത്ര രചനയിൽ പ്രാവീണ്യം നേടൽ | അവധിക്കാലത്ത് 2 ദിവസ നീണ്ടു നിൽക്കുന്ന ചിത്ര രചനാ പരിശീലനം | അവധിക്കാലം | എസ്.ആർ. ജി. | |

പ്രവർത്തനം : 11
പ്രവർത്തനത്തിന്റെ പേര് : ജന്മദിനത്തിനൊരു പുസ്തകം
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസ് ലൈബ്രറി യുടെ നവീകരണം | ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ് ലൈബ്രറിയിലേയ്ക്ക് സംഭാവന ചെയ്യുന്നു. കുടുംബം മുഴുവൻ ഈ പ്രവർത്തനത്തിൽ പങ്കാളികളാക്കാം. | എല്ലാ ജന്മദിനങ്ങ ളിലും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 12
പ്രവർത്തനത്തിന്റെ പേര് : പ്രതിഭാ പോഷണ പരിപാടി
മേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ദ്ധ പരിശീല നവും ക്ലാസ്സുകളും നൽകൽ | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായ പ്രത്യേക പരിശീ ലന ക്ലാസ്സുകൾ ഒഴിവു ദിനത്തിൽ സംഘടിപ്പി ക്കൽ | അവധി ദിവസങ്ങൾ | എസ്.ആർ. ജി. | |

പ്രവർത്തനം : 13

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് തിയറ്റർ

ഉപ മേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠ പുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേയ്ക്ക് മാറ്റിയെഴുതി അവതരിപ്പിക്കൽ ഉദാ. : Skit, Converstion, Drama etc... | പ്രതിമാസ പരിപാടി | എച്ച്.എം. ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 14

പ്രവർത്തനത്തിന്റെ പേര് : അതിഥിയ്ക്കൊപ്പം അരമണിക്കൂർ (അഭിമുഖങ്ങൾ)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അഭിമുഖത്തി സംസാരിക്കാനുള്ള ശേഷി കൈവരിക്കൽ | പ്രദേശത്തെ വിവിധ മേഖലകളിലെ വിദഗ്ദ്ധരായ വരെ കണ്ടെത്തി മാസത്തിൽ ഒരിക്കൽ ഉച്ചയ്ക്ക് 1.15 മുതൽ 1.45 വരെ അതിഥി ക്ലാസ്സുകൾ നടത്തുന്നു. കുട്ടികൾ അനുഭവകുറിപ്പ് എഴുതുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപിക | |

പ്രവർത്തനം : 15
പ്രവർത്തനത്തിന്റെ പേര് : വർക്ക് ഷീറ്റ് നിർമ്മിക്കൽ
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ബാലസാഹിത്യ മാസികകളെ ഫലപ്രദമായി ഉപയോഗിക്കൽ | വായിച്ചു കഴിഞ്ഞ ബാലസാഹിത്യ വാരികകളിലേയും ചിത്രങ്ങൾ ഒരു പേപ്പറിന്റെ മുകൾ ഭാഗത്തായി ഒട്ടിക്കുന്നു. ഇതിന് അനുയോജ്യമായ അടിക്കുറിപ്പ്, കഥ, വിവരണം എന്നിവ എഴുതി ച്ചേർത്ത് വർക്ക് ഷീറ്റ് തയ്യാറാക്കൽ | മാസത്തിൽ രണ്ടു പ്രാവശ്യം | എസ്.ആർ. ജി. | |

പ്രവർത്തനം : 16
പ്രവർത്തനത്തിന്റെ പേര് : വായനാമൂല
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ബാലസാഹിത്യ മാസികകൾ ഫലപ്രദമായി ഉപയോഗിക്കൽ | എല്ലാ ക്ലാസിലും ബാലസാഹിത്യ കൃതികൾ വായനയ്ക്കായി ഒരു ഭാഗത്ത് ക്രമീകരിക്കുകയും കുട്ടികൾ അത് വായനയ്ക്ക് ഉപകരിക്കുകയും ചെയ്യൽ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ രക്ഷിതാക്കൾ | |

പ്രവർത്തനം : 17

പ്രവർത്തനത്തിന്റെ പേര് : തൂലിക വായനയ്ക്കൊരു വഴികാട്ടി

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളും ലൈബ്രറി പുസ്തകം വായിച്ച് സംഗ്രഹം എഴുതൽ | ആഴ്ചയിൽ ഒരു ദിവസം ലൈബ്രറി പുസ്തകങ്ങൾ എടുക്കുകയും വായിച്ച് സംഗ്രഹകം എഴുതുന്നു. പുസ്തക ചങ്ങാതി സ്റ്റിക്കർ ഒട്ടിക്കുന്നു. കൂടുതൽ എഴുതുന്നവർക്ക് ക്ലാസ് തലത്തിൽ വാർഷികത്തിന് സമ്മാനം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | റീഡേഴസ് ക്ലബ് കൺവീനർ | |

പ്രവർത്തനം : 18

പ്രവർത്തനത്തിന്റെ പേര് : പുസ്തക ക്ലിനിക്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലൈബ്രറി പുസ്തകങ്ങൾ സംരക്ഷിക്കൽ | വായനാ വാരത്തിൽ ഒരു ദിവസം കുട്ടികളും അധ്യാപകരും ചേർന്ന് കീറിയ ലൈബ്രറി പുസ്തകങ്ങൾ ഒട്ടിച്ച് ശരിയാക്കൽ | ജൂൺ | റീഡേഴസ് ക്ലബ് കൺവീനർ | |

പ്രവർത്തനം : 19
പ്രവർത്തനത്തിന്റെ പേര് : പസിൽ ബോർഡ്
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠന താല്പര്യം വളർച്ചയ്ക്ക് സർഗ്ഗാത്മകത ആസ്വദിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക. | ഓരൊ ആഴ്ചയും ഗണിത പസലുകൾ ബോർഡിൽ പ്രദർശിപ്പിക്കുന്നു. ഉത്തരങ്ങൾ ശേഖരിക്കുന്നതിന് ബോക്സ് സ്ഥാപിക്കുന്നു. ശരിയുത്തരങ്ങൾ എഴുതിയവരെ അഭിനന്ദിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഗണിത ക്ലബ് കൺവീനർ | |

പ്രവർത്തനം : 20
പ്രവർത്തനത്തിന്റെ പേര് : അസംബ്ലി ക്വിസ്
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പൊതു വിജ്ഞാനം വർദ്ധിപ്പിക്കൽ | ആഴ്ചയിൽ അസംബ്ലിയുള്ള 4 ദിവസങ്ങളിലും 3 ചോദ്യം വീതം ചോദിക്കുന്നു. 2 ശരിയുത്തരം പറയുന്നവർക്ക് സമ്മാനം നൽകുന്നു. ക്വിസ് ബോർഡിൽ ചോദ്യങ്ങൾ എഴുതിയിട്ട് കണ്ടെത്താൻ അവസരം നൽകുന്നു. മാസാവസാനം മാസാന്ത്യ ക്വിസ്, വർഷാവസാനം മെഗാക്വിസ് എന്നിവ നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |

പ്രവർത്തനം : 21

പ്രവർത്തനത്തിന്റെ പേര് : പുസ്തകതൊട്ടിൽ

മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനാ ശീലം കുട്ടികളിൽ വളർത്തുക | കുട്ടികൾക്ക് വായിക്കാൻ പറ്റിയ പുസ്തകങ്ങൾ ഉൾപ്പെടുത്തി ഒരു പുസ്തക തൊട്ടിൽ സ്ഥാപിക്കൽ. കുട്ടികൾ അതിൽ നിന്നും പുസ്തകം എടുത്ത് വായിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | റീഡേഴ്സ് ക്ലബ് കൺവീനർ | |

പ്രവർത്തനം : 22

പ്രവർത്തനത്തിന്റെ പേര് : പഠനയാത്ര

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് യാത്രാ വിവരണം എഴുതുന്ന ശീലം രൂപീകരിക്കൽ | സ്കൂളിൽ നിന്നും പഠനയാത്ര സംഘടിപ്പിക്കൽ | ജനുവരി | അധ്യാപകർ | |